REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

**തിയ്യതി:** 16-09-2025 **സമയം** 06.45 AM

## പ്രധാന വാർത്തകൾ

- ഇന്ത്യയുടെ കിഴക്കൻ മേഖലയെ കടന്നുകയറ്റക്കാരിൽ നിന്ന് മോചിപ്പിക്കാൻ കേന്ദ്രം പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി.
- സംസ്ഥാന നിയമസഭയുടെ ഔദ്യോഗിക കാര്യപരിപാടികൾക്കും നിയമനിർമാണങ്ങൾക്കും ഇന്നു തുടക്കമാകും.
- മുഖ്യമന്ത്രിയുടെ 'പച്ചത്തുരുത്ത് ' പുരസ്കാരങ്ങൾ വൈകിട്ട് തിരുവനന്തപുരത്ത് സമ്മാനിയ്ക്കും.
- മനുഷ്യ വന്യജീവി സംഘർഷ ലഘൂകരണത്തിന് വനം വകുപ്പിന്റെ തീവ്രയജ്ഞ പരിപാടി ഇന്ന് മുതൽ.
- ഏഷ്യാകപ്പ് ക്രിക്കറ്റിൽ ശ്രീലങ്കക്കും UAE യ്ക്കും വിജയം.

## വാർത്തകൾ വിശദമായി

കടന്നുകയറ്റക്കാരിൽ നിന്ന് ബിഹാർ, പശ്ചിമബംഗാൾ, അസം മേഖലയെ മോചിപ്പിക്കാൻ കേന്ദ്രഗവൺമെന്റ് പ്രതിജ്ഞാബദ്ധമാണെന്ന് പ്രധാനമന്ത്രി നരേന്ദ്രമോദി പറഞ്ഞു. അനധികൃത നുഴഞ്ഞു കയറ്റക്കാർ കിഴക്കൻ ഇന്ത്യയിൽ ഗുരുതരമായ ജനസംഖ്യാ പ്രതിസന്ധിയാണ് സൃഷ്ടിക്കുന്നതെന്ന് അദ്ദേഹം ബിഹാറിലെ ഷീഷാബഡിയിൽ പറഞ്ഞു. വോട്ടുബാങ്ക് രാഷ്ട്രീയത്തിനു വേണ്ടി പ്രതിപക്ഷ സഖ്യം നുഴഞ്ഞുകയറ്റക്കാരെ സംരക്ഷിക്കുകയാണെന്ന് പ്രധാനമന്ത്രി കുറ്റപ്പെടുത്തി.

✪✪✪

മയക്കുമരുന്ന് വിരുദ്ധ ദൗത്യസേനാ മേധാവികളുടെ രണ്ടാം ദേശീയ സമ്മേളനം ആഭ്യന്തര മന്ത്രി അമിത്ഷാ ന്യൂഡൽഹിയിൽ ഇന്ന് ഉദ്ഘാടനം ചെയ്യും. 'യോജിച്ച തീരുമാനം, കൂട്ടായ ഉത്തരവാദിത്വം' എന്നതാണ് സമ്മേളനത്തിന്റെ പ്രമേയം. 36 സംസ്ഥാനങ്ങളിലെയും കേന്ദ്രഭരണ പ്രദേശങ്ങളിലെയും ലഹരി വിരുദ്ധ ഏജൻസികളുടെ മേധാവികൾ സമ്മേളനത്തിൽ പങ്കെടുക്കും. 2024 ലെ നർക്കോട്ടിക്സ് കൺട്രോൾ ബ്യൂറോ വാർഷിക റിപ്പോർട്ടും ചടങ്ങിൽ പ്രകാശനം ചെയ്യും.

✪✪✪

കേന്ദ്രഗവൺമെന്റിന്റെ വരുംതലമുറ GST പരിഷ്ക്കരണങ്ങളിലൂടെ കാർഷിക മേഖലയെ കാത്തിരിക്കുന്നത് വലിയ സാമ്പത്തികാശ്വാസമാണ്. ഈ മാസം 22 ന് പുതിയ നിരക്കുകൾ നിലവിൽ വരുന്നതോടെ മിക്ക കാർഷികോത്പന്നങ്ങൾക്കും, കാർഷിക യന്ത്രോപകരണ ങ്ങൾക്കും GST നിരക്ക് അഞ്ച് ശതമാനമായി കുറയും. 1,800 CC യിൽ കുറഞ്ഞ ട്രാക്ടറുകൾക്ക് GST 12 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമായി കുറച്ചിട്ടുണ്ട്. ട്രാക്ടർ ടയർ, ട്യൂബ്, ഹൈഡ്രോളിക് പമ്പ് എന്നിവയടക്കം യന്ത്ര ഭാഗങ്ങൾക്കും GST 18 ശതമാനത്തിൽ നിന്ന് അഞ്ച് ശതമാനമാകും. ജൈവ കീടനാശിനികൾ, സൂക്ഷ്മ വളങ്ങൾ, തുള്ളിനന സംവിധാനം, സ്പ്രിംഗ്ളർ, കൊയ്ത്ത്-മെതി യന്ത്രങ്ങൾ എന്നിവയ്ക്കും GST 12 ൽ നിന്ന് അഞ്ച് ശതമാനമാകും.

✪✪✪

കർഷകരുടെയും ശാസ്ത്രജ്ഞരുടെയും കഠിനാധ്വാനത്തിലൂടെയും, ഗവണ്മെന്റ് നയങ്ങളുടെയും ഫലമായി രാജ്യത്തെ കാർഷിക മേഖല 3.7 എന്ന ലോകത്തെ തന്നെ ഉയർന്ന വളർച്ചാനിരക്കിലേക്ക് നീങ്ങുകയാണെന്ന് കൃഷി മന്ത്രി ശിവരാജ് സിംഗ് ചൗഹാൻ അറിയിച്ചു. ന്യൂഡൽഹിയിൽ "ഒരു രാഷ്ട്രം - ഒരു കൃഷി - ഒരു ടീം' എന്ന പ്രമേയത്തിൽ ദ്വിദിന ദേശീയ കാർഷിക സമ്മേളനം - റാബി അഭിയാനെ അഭിസംബോധന ചെയ്യുകയായിരുന്നു അദ്ദേഹം.

വ്യാജ വളങ്ങൾ, വിത്തുകൾ, കീടനാശിനികൾ എന്നിവയ്ക്ക് ഉത്തരവാദികളായവർക്കെതിരെ കർശന നടപടിയെടുക്കുമെന്ന് ശിവരാജ് സിംഗ്ചൗഹാൻ കർഷകർക്ക് ഉറപ്പ് നൽകി.

✪✪✪

സംസ്ഥാന നിയമസഭാ സമ്മേളനത്തിന്റെ ഔദ്യോഗിക കാര്യപരിപാടികൾക്കും നിയമനിർമാണങ്ങൾക്കും ഇന്നു തുടക്കമാകും. അന്തരിച്ച നേതാക്കൾക്ക് അനുശോചനം രേഖപ്പെടുത്തി സഭ ഇന്നലെ പിരിഞ്ഞിരുന്നു.

ആകാശവാണി ലേഖകൻ സ്മിതി M പള്ളുരുത്തി .

.....(VOICE)................

✪✪✪

മുഖ്യമന്ത്രിയുടെ ‘പച്ചത്തുരുത്ത് ‘ പുരസ്കാരങ്ങൾ വൈകിട്ട് തിരുവനന്തപുരത്ത് വിതരണം ചെയ്യും. വഴുതക്കാട് ടാഗോർ തിയേറ്ററിലാണ് പുരസ്കാര ദാന ചടങ്ങ്. രാവിലെ മുതൽ പുരസ്കാര ജേതാക്കളുടെ അവതരണം ആരംഭിക്കും.

ഹരിതകേരളം മിഷന്റെ നേതൃത്വത്തിൽ ഒരു കോടി വൃക്ഷ തൈകൾ നട്ടുപിടിപ്പിക്കുന്ന ‘ഒരു തൈ നടാം’ പരിപാടിയിൽ 60 ലക്ഷം തൈകൾ നട്ടതിന്റെ പ്രഖ്യാപനം മുഖ്യമന്ത്രിയുടെ ചീഫ് പ്രിൻസിപ്പൽ സെക്രട്ടറി KM എബ്രഹാം നടത്തും. പച്ചത്തുരുത്തുകളെ അടിസ്ഥാനമാക്കി തയ്യാറാക്കിയ പുസ്തകങ്ങളും ചടങ്ങിൽ പ്രകാശനം ചെയ്യും.

✪✪✪

സംസ്ഥാനതല പച്ചത്തുരുത്ത് പുരസ്കാരത്തിലെ ദേവ ഹരിതം വിഭാഗത്തിൽ ഒന്നാം സ്ഥാനം നേടി ശ്രദ്ധ നേടുകയാണ് കാസർകോട് പിലിക്കോട് ഗ്രാമപഞ്ചായത്തിലെ വീത്കുന്ന് സ്മൃതിവനം.

കാസർകോട്ട് നിന്ന് P ജഗന്നിവാസൻ.

..... (വോയ്സ്).......................

✪✪✪

കഴിഞ്ഞ വർഷത്തെ ആദായനികുതി റിട്ടേണുകൾ ഇന്ന് കൂടി സമർപ്പിക്കാം. റിട്ടേണുകൾ സമർപ്പിക്കാൻ ഇന്നലെയായിരുന്നു അവസാന തീയതി.

ഇതിനകം ഏഴ് കോടിയിലധികം റിട്ടേണുകൾ സമർപ്പിച്ചിട്ടുണ്ടെന്ന് ആദായ നികുതി വകുപ്പ് അറിയിച്ചു.

✪✪✪

സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ കംബൈൻഡ് ഗ്രാജുവേറ്റ് ലെവൽ പരീക്ഷ രാജ്യത്തുടനീളം നിശ്ചയിച്ച പ്രകാരം തടസ്സങ്ങളൊന്നുമില്ലാതെ തുടരുകയാണെന്ന് പേഴ്സണൽ, പബ്ലിക് ഗ്രീവൻസസ്, പെൻഷൻ മന്ത്രാലയം അറിയിച്ചു. പരീക്ഷ റദ്ദാക്കിയതായി സമൂഹ മാധ്യമത്തിൽ പ്രചരിക്കുന്ന ഊഹാപോഹങ്ങളിൽ വിശദീകരണം നൽകുകയായിരുന്നു മന്ത്രാലയം.

ഈ മാസം 12 ന് ആരംഭിച്ച CGL 2025 സെപ്റ്റംബർ 26 വരെ തുടരുമെന്നും SSC അറിയിച്ചു.

✪✪✪

മനുഷ്യ വന്യജീവി സംഘർഷം ലഘൂകരിക്കുന്നതിന് വനം വകുപ്പിന്റെ തീവ്രയജ്ഞ പരിപാടിയ്ക്ക് ഇന്ന് തുടക്കമാകും. സംസ്ഥാനത്തെ നാനൂറോളം പഞ്ചായത്തുകളെ കേന്ദ്രീകരിച്ചാണ് പ്രവർത്തനങ്ങൾ സംഘടിപ്പിക്കുന്നത്.

മൂന്ന് ഘട്ടങ്ങളിലായി നടപ്പാക്കുന്ന തീവ്രയഞ്ഞം അടുത്തമാസം 30 ന് സമാപിക്കും. പാലക്കാട് ജില്ലയിൽ പന്ത്രണ്ട് പഞ്ചായത്തുകൾ കേന്ദ്രീകരിച്ചാണ് തീവ്രയഞ്ഞ പ്രവർത്തനങ്ങൾ നടത്തുന്നത്.

✪✪✪

ഭൂമി തരംമാറ്റം നടപടികൾ വേഗത്തിലും, സുതാര്യമായും പൂർത്തീകരിക്കാൻ തീവ്ര ശ്രമങ്ങൾ പുരോഗമിക്കുകയാണെന്ന് മന്ത്രി K രാജൻ പറഞ്ഞു. ഒക്ടോബറിൽ തരംമാറ്റം സംബന്ധിച്ച പ്രത്യേക അദാലത്തുകൾ നടത്തുമെന്ന് പാലക്കാട് ജില്ലാ റവന്യൂ അസംബ്ലിയിൽ മന്ത്രി അറിയിച്ചു.

✪✪✪

വികസന പ്രവർത്തനങ്ങൾക്ക് ആവശ്യമായ ഭൂമി ഏറ്റെടുക്കൽസർവെ വേഗത്തിൽ പൂർത്തിയാക്കാൻ സർവെയർമാരുടെ കുറവ് പരിഹരിക്കുമെന്ന് മന്ത്രി K രാജൻ. തിരുവനന്തപുരത്ത് അറിയിച്ചു. ജില്ലാ റവന്യൂ അസംബ്ലിയിൽ പങ്കെടുക്കുകയായിരുന്നു മന്ത്രി.

✪✪✪

കോഴിക്കോട് കേസരി ഭവൻ ഏർപ്പെടുത്തിയ നവരാത്രി സർഗ്ഗപ്രതിഭാ പുരസ്കാരത്തിന് ഈ വർഷം ഗായകൻ മധു ബാലകൃഷ്ണൻ അർഹനായി. കല- സാഹിത്യ- സംസ്കാരിക മേഖലകളിലെ സമഗ്ര സംഭാവന മുൻനിർത്തിയാണ് പുരസ്കാരം.

ഈ മാസം 29 ന് കേസരിഭവനിലെ സാംസ്കാരിക സമ്മേളനത്തിൽ ഗവർണ്ണർ രാജേന്ദ്ര വിശ്വനാഥ ആർലേക്കർ പുരസ്കാരം സമ്മാനിക്കും. നവരാത്രി സർഗോത്സവം ഈ മാസം 20 ന് മഹാസാരസ്വത പൂജയോടെ ആരംഭിക്കുമെന്ന് കേസരി മുഖ്യ പത്രാധിപർ ഡോ. NR മധു അറിയിച്ചു.

✪✪✪

ഏഷ്യാകപ്പ് ക്രിക്കറ്റ് ഗ്രൂപ്പ് B യിൽ ഹോങ്കോങിനെതിരെ ശ്രീലങ്കക്ക് നാലുവിക്കറ്റ് വിജയം.മറ്റൊരു മത്സരത്തിൽ UAE 42 റൺസിന് ഒമാനെ തോൽപ്പിച്ചു.

ഇന്ന് ബംഗ്ലാദേശ് അഫ്ഗാനിസ്ഥാനെ നേരിടും. ഇന്ത്യൻ സമയം രാത്രി 8 ന് അബുദാബിയിലാണ് മത്സരം.

✪✪✪

കേരള ചീഫ് ഇലക്ടറൽ ഓഫീസർ ഡോ. രത്തൻ U ഖേൽക്കറിന്റെ നേതൃത്വത്തിൽ 'CEO @ ഉന്നതി' പദ്ധതിക്ക് രാവിലെ അട്ടപ്പാടിയിൽ തുടക്കമാകും. കേരളത്തിൽ പ്രത്യേക തീവ്ര വോട്ടർപട്ടിക പരിഷ്ക്കരണത്തിന് മുന്നോടിയായാണ് പദ്ധതി.

പാലക്കാട്ട് നിന്ന് ഫൈസൽ അലിമുത്ത്.

..........(വോയ്സ്)...................

✪✪✪

കന്നിമാസ പൂജകൾക്കായി ശബരിമലയിൽ വൈകിട്ട് നട തുറക്കും. കന്നിമാസം ഒന്നായ നാളെ രാവിലെ അഞ്ച് മണിക്ക് പതിവു പൂജകൾ ആരംഭിക്കും.

കന്നിമാസ പൂജകൾ പൂർത്തിയാക്കി 21 ന് രാത്രി 10ന് നട അടയ്ക്കും.

✪✪✪

വിവരാവകാശ നിയമപ്രകാരം ലഭ്യമാക്കേണ്ട ഔദ്യോഗിക ഫയൽ നഷ്ടപ്പെട്ടാൽ FIR രജിസ്റ്റർ ചെയ്യണമെന്ന് സംസ്ഥാന വിവരാവകാശ കമ്മീഷണർ T.K രാമകൃഷ്ണൻ നിർദ്ദേശിച്ചു. കാസർകോട് കളക്ടറേറ്റിലെ വിവരാവകാശ കമ്മീഷൻ ഹിയറിങ്ങിൽ പങ്കെടുക്കുകയായിരുന്നു അദ്ദേഹം. തെറ്റായും വ്യക്തത ഇല്ലാതെയും മറുപടി നൽകുന്നത് വിവരം നിഷേധിക്കുന്നതിന് തുല്യമാണെന്നും കമ്മീഷണർ പറഞ്ഞു.

✪✪✪

കന്നിമാസ പൂജകൾക്കായി ശബരിമലയിൽ വൈകിട്ട് നട തുറക്കും. കന്നിമാസം ഒന്നായ നാളെ രാവിലെ അഞ്ച് മണിക്ക് പതിവു പൂജകൾ ആരംഭിക്കും.

കന്നിമാസ പൂജകൾ പൂർത്തിയാക്കി 21 ന് രാത്രി 10ന് നട അടയ്ക്കും.

✪✪✪

ഒറ്റപ്പാലത്ത് പടക്കക്കച്ചവടത്തിന്റെ മറവിൽ ലഹരിമരുന്ന് വില്പന നടത്തിയ ആറു യുവാക്കളെ പൊലീസ് പിടികൂടി. ഇവരിൽനിന്ന് 600 ഗ്രാം കഞ്ചാവും, 49 ഗ്രാം മെത്താംഫിറ്റാമിനും പിടിച്ചെടുത്തു.

✪✪✪

**പ്രവാസി കമ്മീഷന്റെ എറണാകുളം അദാലത്ത് രാവിലെ കാക്കനാട് കളക്ട്രേറ്റ് കോൺഫ്രൻസ് ഹാളിൽ ആരംഭിക്കും. കമ്മീഷൻ ചെയർപേഴ്സൺ ജസ്റ്റീസ് സോഫി തോമസ് നയിക്കുന്ന അദാലത്തിൽ മറ്റു ജില്ലകളിലെയും പരാതികൾ പരിഗണിക്കും .**

**✪✪✪**

**സംസ്ഥാന യുവജന കമ്മീഷന്റെ ഇടുക്കി ജില്ലാ അദാലത്ത് രാവിലെ കളക്ട്രേറ്റ് കോൺഫറൻസ് ഹാളിൽ ആരംഭിക്കും. കമ്മീഷൻ ചെയർപേഴ്സൺ M ഷാജർ അദാലത്തിൽ പങ്കെടുക്കും.**

**✪✪✪**

**കേരള മോട്ടോർ തൊഴിലാളി ക്ഷേമനിധി ബോർഡിൽ തൊഴിലാളികൾ അടച്ച തുക കാണാനില്ലെന്ന പ്രചാരണം വാസ്തവ വിരുദ്ധമാണെന്ന് ചെയർമാൻ CK ഹരികൃഷ്ണൻ കണ്ണൂരിൽ അറിയിച്ചു. ഈ വാർത്ത പ്രസിദ്ധീകരിച്ച മാധ്യമങ്ങൾ തെറ്റു തിരുത്താൻ തയ്യാറാകണമെന്ന് ചെയർമാൻ വാർത്തക്കുറിപ്പിൽ അറിയിച്ചു.**

**✪✪✪**

---

*News Editor & News Reader: അനിൽ ചന്ദ്രൻ*
*NRTs: നിമിഷി ജി, സാലിം*
*DEO : ഷീബ*